ശ്രീ. കെ. എം. കോര : അതേസംബന്ധിച്ചു അപേക്ഷ വന്നാൽ ഗവമ്മെണ്ടിൽനിന്നും വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. കെ. രാമചന്ദ്രൻ : അതേസംബന്ധിച്ചു വല്ല പ്രതികളും ഗവമ്മെണ്ടു് നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ശ്രീ. കെ. എം. കോര : അതേസംബന്ധിച്ചു പ്രതികൾ ഉണ്ടു്. അതിലേക്കുള്ള പണവുമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ലോണായിട്ടും ഗ്രാന്റായിട്ടും ഇനത്തിലും ആകപ്പാടെ എത്ര തുക എഫ്.എ.സി.ടി. ക്കു് ഇതുവരെ കൊടുത്തിട്ടുണ്ടു്?

ശ്രീ. കെ. എം. കോര : അതിനു നോട്ടീസുവേണം.

ശ്രീ. പാഠം തളിയത്തു് : ഈ ലോൺ കൊടുത്തിട്ടുള്ളതു് എന്തു ഉറപ്പിന്മേലാണു്?

ശ്രീ. കെ. എം. കോര : ഇപ്പോൾ കൊടുത്തിരിക്കുന്ന ലോണിനു കാസ്റ്റിക്കു് സോഡാ പ്ലാന്റിന്റെ സാധനങ്ങൾ ഗവമ്മെണ്ടിലേക്കു് സെക്യൂരിറ്റി വച്ചിട്ടുണ്ടു്.

ശ്രീ. പാഠം തളിയത്തു് : കാസ്റ്റിക്കു് സോഡാ പ്ലാന്റു് പ്രവർത്തനം ആരംഭിക്കുന്നതിനുമുമ്പു് അതു് ലോൺ വയ്ക്കുന്നതെങ്ങനെയാണു്?

ശ്രീ. കെ. എം. കോര : ഇപ്പോൾ ലോൺ വച്ചിരിക്കുന്നതു് മേട്ടൂർ കെമിക്കൽസ് എന്നു് ഒരു കമ്പനി ഉള്ളതിന്റെ സാധനങ്ങളാണു്.

ശ്രീ. പാഠം തളിയത്തു് : അതു് തിരു-കൊച്ചി സംസ്ഥാനത്തു് റജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയാണോ?

ശ്രീ. കെ. എം. കോര : അതു് തിരുവിതാംകൂർ മേട്ടൂർ കെമിക്കൽസ് എന്നും പറയുന്നുണ്ടു്. ഇതു രണ്ടിന്റെയും മാനേജ്മെന്റും എജൻസിയും ഒന്നുതന്നെയാണു്.

ശ്രീ. പാഠം തളിയത്തു് : ഒരു കമ്പനിയുടെ സാധനങ്ങൾ വച്ചുകൊണ്ടു് വേറൊരു കമ്പനിക്കു് ലോൺ കൊടുക്കാമൊ?

**Mr. Speaker :** The member is proceeding to a discussion.

## UNIONS AND PANCHAYATS

***12.** [15] **Sri. Paul Thaliat:** Will the hon. Minister for Unions and Panchayats be pleased to state.—

(*a*) whether the Budgets of all the Unions and Panchayats for 1951-52 have been sanctioned;

(*b*) if so, the date on which the Budgets have been sanctioned; and

(*c*) if not the reason for the delay?

*Minister for Industries and Labour* **(Sri. P. K. Krishnankutty Menon):**

(*a*) No.

(*b*) and (*c*) About 40 Budgets have been passed till now Of the 197 Village Unions, only 137 Unions have sent their budgets to the Director of Panchayats. Of these only 27 estimates have been received from the Examiner of Local Fund Accounts after verification. He says that the remaining will be sent soon. There will not be any ayoidable delay in passing the estimates by the Government.

ശ്രീ. പാഠം തളിയത്തു്. ഈ ബഡ്ഡറ് സാങ്ഷൻചെയ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൊടുക്കുക എന്നുള്ള ജോലി അല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല എന്നുള്ള സംഗതി ഗവമ്മെൻറിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: സാധാരണയായി തുലാമാസം മുതലാണ് ബഡ്ജറ്റ് പാസ്സാക്കുന്നത്. അതിനു മുമ്പ് അത്യാവശ്യമായി എന്തെങ്കിലും തുക ചെലവാക്കേണ്ടതായി വന്നാൽ അതിലേക്ക് ൨൦൦ രൂപാവരെയുള്ള സംഖ്യ അനുവദിക്കുന്നതിനു പഞ്ചായത്തു ഡയറക്ടർക്ക് അധികാരവുമുണ്ട്.

ശ്രീ. എ. താണുപിള്ള: തുലാമാസത്തിൽ ബഡ്ജറ്റ് പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ ബഡ്ജറ്റ് വർഷത്തിനു് എത്ര മാസം ഉണ്ട്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇതനുസരിച്ചുനോക്കുമ്പോൾ ഉദ്ദേശം ഏഴുമാസത്തോളമുണ്ട്.

## ELECTRICITY TO VARAPUZHA

*13. [16] **Sri. Paul Thaliath:** Will the hon. Minister for Public Works be pleased to state.—

(*a*) whether the work of extending electricity to Varapuzha in Parur taluk has been taken up;

(*b*) if the answer is in the negative when the work will be started; and

(*c*) if the answer is in the affirmative, when the work will be finished?

*Minister for Public Works* **(Sri. G. Chandrasekhara Pillai):**

(*a*) The work is being taken up.

(*b*) Does not arise.

(*c*) If the materials become available the work will be completed before the close of the financial year.

## FOOD

*14. [17] **Sri. D. Gnanasigamoni:** Will the hon. Minister for Food be pleased to state.—

(*a*) the present stock position of food in the State.—

(*b*) the quantity needed for normal requirements calculated at the rate of 12 oz. per head?

(*c*) the present rate of ration; and

(*d*) whether any further reduction of ration is contemplated?

*Minister For Finance and Food* **(Sri. K. M. Korah):**

(*a*) The stock of food in the State on 8th September 1951 was—

| | | | |
|---|---|---|---|
| (*i*) Rice including local paddy in terms of rice | .. | 9,945 | tons |
| (*ii*) Wheat .. | .. | 1,934 | tons |
| (*iii*) Milo .. | .. | 1,078 | tons. |

(*b*) The total requirements at the rate of 12 ozs. are estimated for 1951 at 5,68,000 tons.

(*c*) The scale of ration from 16th September 1951 is 4½ ozs. rice and 4½ ozs. of wheat or milo, 2 ozs. of wheat or milo being compulsory.

(d) No.

ശ്രീ. എ. കെ. പാപ്പുപിള്ള: ഒരു മാസത്തെ ഉപയോഗത്തിനു് എത്ര ടൺ ആഹാരസാധനങ്ങൾ ആവശ്യമുണ്ട്?

ശ്രീ. കെ. എം. കോര: ഉദ്ദേശം ൫,൬൮,൦൦൦ ടൺ.

**Sri. D. Ganasigamoni:** Are there complaints from any place about the rate of the rations?

**Sri. K. M. Korah:** No complaint has come to Government.

LIBRARY ARCHIVES Kerala Legislative Assembly